സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക

**ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)**

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008

അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൾ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.

വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



ക്രമ നം. അയ്യപ്പവാണി – 07/2023 (ഉത്രം പതിപ്പ്)
26 ജൂൺ 2023
(11 മിഥുനം 1198)
യുഗാബ്ദം 5125

- ശബരിമല ക്ഷേത്രത്തിലെ പൂജകളും ആചാരങ്ങളും – ഭാഗം 2
- ഇതിഹാസങ്ങൾ – രാമായണം: ഭാഗം 1
- ഗുരുജി ഗോൾവാൾക്കർ
- വിഭൂതി ധരിക്കുന്നതിന്റെ തത്വം
- ലോകം ഒരു കണ്ണാടി – മാതാ അമൃതാനന്ദമയി ദേവി
- ഗീതാശ്ലോകങ്ങൾ : അദ്ധ്യായം 2– (26 – 30)
- സുഭാഷിതം – 42
- ക്വിസ് –27
- ശ്രാദ്ധാഞ്ജലി, വാർത്തകൾ

# ശബരിമല ക്ഷേത്രം : ദൈനംദിന പൂജ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ – ഭാഗം 2

(അവലംബം: "ശബരിമല അയ്യപ്പക്ഷേത്രത്തിന്റെ വിശുദ്ധ സമുച്ചയം "
– ശ്രീ. പി. ആർ. ജി. മാത്തൂർ, നരവംശശാസ്ത്രജ്ഞൻ)



## പള്ളിയുണർത്തലും നിർമ്മാല്യവും

ശബരിമല അയ്യപ്പന്റെ പള്ളിയുണർത്തലിന് ശംഖ് ഒമ്പത് പ്രാവശ്യം ഊതുന്നു, തുടർന്ന് നാദസ്വരം. ക്ഷേത്രം എല്ലാ മലയാള മാസത്തിലും അഞ്ച് ദിവസത്തേക്ക്, രാവിലെ 05:00 മണിക്ക് തുറക്കും. ക്ഷേത്രമണി അഞ്ചടി മുഴങ്ങുമ്പോൾ, വാതിലുകൾ തുറന്ന് ഭക്തർ കുളിച്ച് "സ്വാമിയേ ശരണം അയ്യപ്പാ" എന്ന ഭഗവാന്റെ നാമം ജപിച്ച് ശ്രീകോവിലിലേക്ക് തിരിയുന്നു. ബലിക്കൽപുരയ്ക്കകത്ത് നാദസ്വരത്തിന്റെയും ശംഖിന്റെയും ശ്രുതിമധുരമായ നാദസ്വരങ്ങളോടെ മേൽശാന്തി കുളിച്ച് കുത്ത് വിളക്കുമായി ദേവസ്വം കഴകത്തിന്റെ അകമ്പടിയോടെ ശ്രീകോവിലിന്റെ വാതിൽ തുറന്ന് സോപാനത്തിൽ നിൽക്കുന്നു. മണി മുഴക്കി, കൂപ്പുകൈകളോടെ അയ്യപ്പനോട് പ്രാർത്ഥിക്കുന്നു. തുടർന്ന് ശ്രീകോവിലിൽ പ്രവേശിക്കാനുള്ള വാതിൽ തുറന്ന്, ആറ് വെള്ളി തൂക്കുവിളക്ക് തെളിയിച്ച് "സ്വാമിയേ ശരണം അയ്യപ്പാ" എന്ന ശരണം വിളിയോടെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. നിർമ്മാല്യം – തലേ രാത്രിയിലെ പൂക്കളും മാലകളും കൊണ്ട് അലങ്കരിച്ച ഭഗവാന്റെ ദർശനം. ശ്രീകോവിലിൽ സൂക്ഷിച്ചിരിക്കുന്ന ആറ് വെള്ളി തൂക്കുവിളക്കും ഒമ്പത് വെള്ളി നിലവിളക്കും ഭഗവാന്റെ പുറകിൽ ഒരു പ്രഭ വിളക്കും ഉണ്ട്. നാല് നിലവിളക്ക് ഒഴികെയുള്ള എല്ലാ വിളക്കുകളും രാത്രികളിൽ ഹരിവരാസനം കഴിഞ്ഞ് അണയ്ച്ചിരിക്കും. പൂമാലകൾ നീക്കി 'നിർമ്മാല്യധാരി ബലിക്കല്ലിൽ' എറിഞ്ഞ ശേഷം മേൽശാന്തി തന്ത്രിയുടെ സാന്നിധ്യത്തിൽ ഭഗവാന്റെ കളഭവും മണിമാലയും മാറ്റുന്നു. (മണ്ഡലം, മകരവിളക്ക് ഉത്സവങ്ങളിൽ പുലർച്ചെ 04:00 മണിക്ക് ക്ഷേത്രം തുറക്കും). തുടർന്ന് അഭിഷേകത്തിന് ആവശ്യമായ പുണ്യജലം, പാൽ, ഇളനീർ, തേൻ, പനിനീർ, പഞ്ചാമൃതം, നെയ്യ്

തുടങ്ങിയവ പരികർമികൾ ക്രമീകരിക്കുന്നു. മേൽശാന്തി ഗണപതി ക്ഷേത്രത്തിൽ പോയി വിളക്ക് തെളിയിച്ച ശേഷം വിഗ്രഹത്തിൽ നിന്ന് പൂമാലയും കളഭവും നീക്കം ചെയ്യുന്നു. തുടർന്ന് നാഗരാജ ക്ഷേത്രത്തിലെത്തി നിലവിളക്ക് തെളിയിച്ച് മാല ചാർത്തിയ ശേഷം ക്ഷേത്ര പ്രദക്ഷിണം നടത്തി ശ്രീകോവിലിലേക്ക് മടങ്ങും. അതിനിടയിലാണ് വ്യത്യസ്തമായ അഭിഷേകങ്ങൾ നടത്താൻ തന്ത്രി ശ്രീകോവിലിൽ എത്തുന്നത്.

എല്ലാ അഭിഷേകങ്ങൾക്കും ആവശ്യമായ സാധനങ്ങൾ പരികർമികൾ ക്രമീകരിക്കുന്നു. ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി എന്നീ പുണ്യനദികളെ യഥാക്രമം മൂന്ന് പ്രാവശ്യം ജപിക്കുന്ന മന്ത്രങ്ങളും സൂക്തങ്ങളും ഉപയോഗിച്ച് ആവഹിക്കുന്നു. ഭഗവാന് ഇടംപിരി ശംഖിൽ നിന്ന് ജലാഭിഷേകം നടത്തുന്നു. വിശേഷാവസരങ്ങളിൽ വലമ്പിരി ശംഖും ഉപയോഗിക്കാറുണ്ട്. അയ്യപ്പന്റെ ഓരോ അഭിഷേകത്തിനും മൂലമന്ത്രം – "ഓം ഘ്രൂം നമ: പരായ ഗോപ്ത്രേ" – ചൊല്ലുന്നു. സപ്തശുദ്ധിക്കായി ജലാഭിഷേകം, വേദമന്ത്രങ്ങളായ ഭാഗ്യസൂക്തം, പുരുഷസൂക്തം എന്നിവ ചൊല്ലുന്നു. ജലാഭിഷേകത്തിനു ശേഷം നടത്തപ്പെടുന്ന അഭിഷേകങ്ങൾ: (1) ഭസ്മ അഭിഷേകം (2) പാൽ അഭിഷേകം (3) തേൻ അഭിഷേകം (4) പഞ്ചാമൃത അഭിഷേകം (5) ഇളനീർ അഭിഷേകം (6) പനിനീർ അഭിഷേകം (7) കളഭ അഭിഷേകം. ഈ അഭിഷേകങ്ങളെല്ലാം നടത്തിയ ശേഷം മലർ നിവേദ്യവും തൃമധുരവും നിവേദ്യമായി ഭഗവാന് സമർപ്പിക്കുന്നു. ഭസ്മ അഭിഷേകത്തിനുശേഷം, വിഗ്രഹത്തിൽ നിന്ന് ഭസ്മം നീക്കം ചെയ്യുന്നതിനായി ജലാഭിഷേകം നടത്തുന്നു. ഓരോ അഭിഷേകത്തിനും അയ്യപ്പന്റെ മൂലമന്ത്രവും അതത് സൂക്തവും തന്ത്രിയാണ് ചൊല്ലുന്നത്. വിവിധ അഭിഷേകങ്ങളിൽ സപ്തശുദ്ധി, ഭാഗ്യസൂക്തം, പുരുഷസൂക്തം എന്നിവ ചൊല്ലുന്നു.

## മലർ നിവേദ്യവും ത്രിമധുരവും

മലർ, പഴം, തേങ്ങ, ശർക്കര, ത്രിമധുരം എന്നിവ ആചാരപരമായ അഭിഷേകങ്ങൾക്ക് ശേഷം ഭഗവാന് നിവേദ്യമായി സമർപ്പിക്കുന്നു. ദിവസവും രാവിലെ 5:15 മുതൽ 5:20 വരെ മലർ നിവേദ്യവും അലങ്കാരവും. തുടർന്ന് ഒന്നര ലിറ്റർ അളവിലുള്ള സ്വർണ്ണ കലശം കൊണ്ട് നെയ്യ് അഭിഷേകം നടത്തുന്നു. ശേഷം തന്ത്രി ഗണപതി ഹോമം നടത്തുവാൻ മുഖമണ്ഡപത്തിലേക്ക് മടങ്ങും.

## അഷ്ടദ്രവ്യ ഗണപതി ഹോമം

തിടപ്പള്ളിയുടെ വടക്ക് ഭാഗത്തുള്ള ഹോമകുണ്ഡത്തിൽ രാവിലെ 05:15 മുതൽ 06:15 വരെ മുതിർന്ന തന്ത്രി അഷ്ടദ്രവ്യ ഗണപതി ഹോമം നടത്തുന്നു. ചതുരാകൃതിയിലാണ് ഹോമകുണ്ഡം. മൂന്ന് നിലവിളക്കുകൾ ഹോമകുണ്ഡത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥാപിക്കുന്നു. രണ്ട് നിലവിളക്കുകൾക്കിടയിലാണ് ഗണപതിയെ പ്രതിഷ്ഠിക്കുന്നത്.

**പീഠം വക്കൽ:**

തെക്ക് ഗണപതിയുടെയും വടക്ക് ഗുരുവിന്റെയും പ്രതീകമായ രണ്ട് നാളികേരം നാഴിയിലുള്ള അരിയിൽ രണ്ട് സ്ഥലങ്ങളിൽ വെക്കുന്നു. കൂർച്ചം (ദർഭ പുല്ല് കൊണ്ട് നിർമ്മിച്ച മോതിരം) ഗുരുവിലും ഗണപതിയിലും സ്ഥാപിക്കുന്നു. ഇതിനെ പീഠം വെയ്ക്കൽ എന്ന് പറയുന്നു.

**ഗുരുവിന്റെയും ഗണപതിയുടെയും പ്രതിഷ്ഠ:**

ആത്മാരാധനയ്ക്ക്ശേഷം, ഗുരുവിനെയും ഗണപതിയെയും തന്ത്രി പ്രസാദിപ്പിക്കുന്നു. തുടർന്ന് അദ്ദേഹം ഗംഗയെയും വരുണനെയും കിണ്ടിയിലേക്കും ശംഖിലേക്കും ആവാഹിച്ച് തീർത്ഥം തയ്യാറാക്കുന്നു. തീർത്ഥം തയ്യാറാക്കിയ ശേഷം തന്ത്രി ഗണപതിയെയും ഗുരുവിനെയും ആരാധിക്കുന്നു. തുടർന്ന് ഹോമകുണ്ഡത്തിന്റെ പതിനൊന്ന് കോണുകളിൽ ജലം, പുഷ്പം, ഗന്ധം, അഗ്നി എന്നിവകൊണ്ട് ആരാധിക്കുന്നു. (സാധാരണയായി അഗ്നിയും പുഷ്പവും "ശത്രുക്കൾ" ആയി കണക്കാക്കപ്പെടുന്നു, എന്നാൽ ശബരിമലയിൽ അവർ വളരെ അടുത്ത "മിത്രങ്ങൾ" ആണ്, അതു കൊണ്ടാണ് ഗണപതി ഹോമത്തിൽ അഗ്നിയെയും പുഷ്പത്തെയും ഒരേസമയം ആരാധിക്കുന്നത്).

കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ഹോമകുണ്ഡം കത്തിക്കാൻ തിടപ്പള്ളിയിൽ നിന്ന് ഒരു സഹായ പുരോഹിതൻ ഒരു തീക്കനൽ കൊണ്ടുവരുന്നു, അതിനെ അഗ്നിസമർപ്പിക്കൽ എന്ന് വിളിക്കുന്നു. കിഴക്കോട്ട് ദർശനമായി ആവണപ്പലക ഇരിപ്പിടത്തിൽ ഇരുന്ന് തന്ത്രി ഭഗവാന് ഗണപതി ഹോമം നടത്തുന്നു. തുടക്കത്തിൽ അദ്ദേഹം പീഠപൂജയും മൂർത്തിപൂജയും ചെയ്യുന്നു. തുടർന്ന് അഷ്ടദ്രവ്യ ഹോമം. ശർക്കര, തേങ്ങാ കഷ്ണങ്ങൾ, കദളിപ്പഴം, അവിൽ, മലർ, തേൻ, കരിമ്പ്, കൽക്കണ്ടം എന്നിവയാണ് അഷ്ടദ്രവ്യം. അഷ്ടദ്രവ്യ ഹോമം നടത്തിയ ശേഷം അദ്ദേഹം ഇരുപത് മിനിറ്റ് ധ്യാനത്തിലേക്ക് പ്രവേശിക്കുന്നു, ഇഷ്ടമന്ത്രം ഉപയോഗിച്ച് ഗണപതിയെ ആരാധിക്കുന്നു. തുടർന്ന് ഒമ്പത് അപ്പം നെയ്യിൽ മുക്കി ഗണപതിക്ക് സമർപ്പിക്കുന്നു. അതിനുശേഷം ഒമ്പത് അടകൾ നെയ്യിൽ മുക്കി ഗണപതിക്ക് സമർപ്പിക്കുന്നു. തുടർന്ന് നെല്ല്, ചേന, പഞ്ചസാര എന്നിവ ഉപയോഗിച്ച് വഴി പാട്ടുകൾ നടത്തും. തന്ത്രി പ്രസന്നപൂജ തുടങ്ങുമ്പോൾ മേൽശാന്തിയും കൂടെ വരുന്നു. ഗണപതി ഹോമത്തിന് ബുക്ക് ചെയ്തവർക്കായി പുഷ്പാഞ്ജലി നടത്തുകയും, അതിനുശേഷം തന്ത്രി മണികൊട്ടിക്കൊണ്ട് പ്രസന്നപൂജയും നടത്തുന്നു. അതിനുശേഷം ഒരു ചെറിയ ഉരുളി നിറച്ച് നെയ്യ് ഹോമകുണ്ഡത്തിലേക്ക് ഒഴിക്കും. ഐജഹുതി എന്നാണ് ഇതിന്റെ പേര്. ഒടുവിൽ ലോകക്ഷേമ ത്തിനായി പ്രാർത്ഥിക്കുമ്പോൾ കർപ്പൂരം കത്തിക്കുകയും ഗണപതി ഹോമത്തിനായി ബുക്ക് ചെയ്ത ഭക്തർക്ക് പ്രസാദം വിതരണവും ചെയ്യുന്നു.

(......തുടരും)

---

# ഇതിഹാസങ്ങൾ – രാമായണം : ഭാഗം 1

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി, റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം)

## ആമുഖം



വേദോപനിഷത്തുകൾക്കുശേഷം നമുക്ക് ലഭിച്ച അമൂല്യസമ്പത്താണ് ഇതിഹാസങ്ങൾ, "ഇതി ഹ ആസ്തേ ഇതി ഇതിഹാസ: – ഇപ്രകാരം ഇവിടെ തീർച്ചയായും സംഭവിച്ചതാണ് ഇതിഹാസം. ഭാവനാത്മകമായ കഥകളല്ല, യഥാർത്ഥ ത്തിൽ സംഭവിച്ച ചരിത്രകഥകളാണ് ഇതിഹാസം എന്നർത്ഥം. രാമായണവും മഹാഭാരതവുമാണ് രണ്ട് ഭാരതീയ ഇതിഹാസങ്ങൾ.

കഥയിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ, പഞ്ചസാരയിൽ പൊതിഞ്ഞ ഗുളിക പോലെ, വേദങ്ങളിൽ നിന്നുള്ള സന്ദേശങ്ങൾ നമ്മിലേക്ക് സുഗമമായി എത്തിക്കപ്പെടുന്നു. ചിലർ ഒരുപക്ഷെ പഞ്ചസാര മാത്രം നുണഞ്ഞ ശേഷം ഗുളിക തുപ്പിക്കളഞ്ഞേക്കാം. ഇതിഹാസപുരാണങ്ങൾ പഠിക്കുമ്പോഴും കഥയ്ക്കു പുറകിലുള്ള കാര്യങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ ഇവ കൊണ്ടുദ്ദേശിച്ച ഫലം ലഭിക്കുകയില്ല. ഇതിഹാസ പുരാണങ്ങളുടെ താല്പര്യവും തത്വവും അറിയാൻ ശ്രമിക്കാതെ കഥമാത്രം കേട്ടുകൊണ്ട് ചിലർ അവയെ ദുർവ്യാഖ്യാനം ചെയ്യുന്നതായി കണ്ടുവരുന്നു.

കഥയിൽ കാണുന്ന പോരായ്മകൾ ചർച്ച ചെയ്യുന്നതല്ലാതെ, അവയുടെ പിറകിലുള്ള തത്വം എന്തെന്ന് ചിന്തിക്കാൻ ഇവർ തയ്യാറാകുന്നില്ല. പണ്ട് നടന്ന ചരിത്രകഥകൾ, ഇന്നത്തെ ചുറ്റുപാടിൽ നിന്നുകൊണ്ട് നോക്കുമ്പോൾ ചില പോരായ്മകൾ കണ്ടേക്കാം. പക്ഷെ കഥ നടന്ന കാലത്തെ സാഹചര്യം മനസ്സിലാക്കി, ആ കഥകൊണ്ട് പറയാൻ ഉദ്ദേശിച്ച കാര്യം എന്തെന്നാണ് ചിന്തിക്കേണ്ടത്.

ജ്ഞാനം, കർമം, ഉപാസന, സംരക്ഷണം എന്നീ ചതുർവേദലക്ഷ്യങ്ങൾ ഇതിഹാസങ്ങളിൽ സമന്വയിച്ചിരിക്കുന്നു. ഈ നാലു ലക്ഷ്യങ്ങളും സാധാരണക്കാരിലും എത്തിക്കുക എന്നതാണ് ഇതിഹാസങ്ങളുടെ ലക്ഷ്യം. ഋഗ്വേദം ജ്ഞാനമാണ്, യജുർവേദം കർമ്മമാണ്, സാമവേദം ഉപാസനാപൂർവ്വമായ ആനന്ദലബ്ധിയാണ്, അഥർവ്വവേദം സംരക്ഷണമാണ്.

വേദങ്ങൾ വിധിനിഷേധങ്ങളിലൂടെ ചെയ്യേണ്ടതും, അരുതാത്തതുമായ കാര്യങ്ങളെക്കുറിച്ച് പറയുന്നു. അമൃത് ഭക്ഷിക്കാം, വിഷം കഴിക്കരുത് എന്ന മട്ടിൽ വിധിയും നിഷേധവും – രണ്ടും വേദം പറഞ്ഞു തരുന്നു. ഇതിഹാസങ്ങളിലും ഇതു പോലെ വിധിയും നിഷേധവും കാണാം. മനുഷ്യജീവിതത്തിൽ അനുകരണീയമായ ഉദാത്ത മാതൃകകൾ ഇതിഹാസ പുരാണങ്ങൾ കാഴ്ച വെക്കുന്നു. അനുകരിക്കേണ്ടതും നിരാകരിക്കേണ്ടതുമായ ഒട്ടനവധി കഥാപാത്രങ്ങൾ ഇവയിലുണ്ട്. ധർമ്മവും

അധർമവും ഇവയിലൂടനീളം കാണാനാകും. ഇത്തരം കഥകളിലൂടെ ധർമ്മാധർമ്മവിവേകം ഉള്ളവരാകുവാനും ധർമ്മം സ്വീകരിക്കാനുമുള്ള സന്ദേശങ്ങൾ നൽകുന്ന എന്നതാണ് ഇതിഹാസപുരാണങ്ങളുടെ മഹനീയമായ ലക്ഷ്യം. ജീവിതത്തിൽ അസത്യകഥനങ്ങൾ നേരിടുമ്പോൾ സത്യത്തിന്റെ വില എന്തെന്ന് മനസ്സിലാകും. നഷ്ടങ്ങൾ വരുമ്പോളാണ് ലാഭം എന്തെന്നറിയുക. ഇതുപോലെ അധർമ്മം എന്തെന്നറിയുമ്പോഴാണ് ധർമ്മം അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാകുന്നത്.

ഇതിഹാസത്തെക്കുറിച്ചുള്ള ഒരു നിർവചനം കൂടി പരിശോധിക്കാം.

"ധർമ്മാർത്ഥ കാമമോക്ഷാണാം ഉപദേശസമന്വിതം/ പൂർവവൃത്തകഥായുക്തം ഇതിഹാസം പ്രചക്ഷതേ"

ധർമ്മം, അർഥം, കാമം, മോക്ഷം എന്ന നാല് പുരുഷാർത്ഥങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങൾ സമന്വയിച്ച്, പണ്ട് സംഭവിച്ച കഥകളുമായി ഇണക്കിച്ചേർത്തു പറയുന്നതാണ് ഇതിഹാസം. പുരുഷാർത്ഥങ്ങളാണ് ഇതിഹാസങ്ങളുടെ വിഷയം. ധർമാർത്ഥകാമ മോക്ഷങ്ങൾ ഉപദേശപൂർവ്വകമായി ഇവിടെ അവതരിപ്പിക്കുന്നു. ലക്ഷ്മണോപദേശം, താരോപദേശം, മുതലായ ധാരാളം ഉപദേശകഥകൾ രാമായണത്തിൽ സുലഭമാണ്. മഹാഭാരതമാകട്ടെ, ഭഗവത്ഗീത, വിദുരോപദേശം മുതലായ പ്രശസ്തമായ ഉപദേശങ്ങളാൽ സമ്പന്നമാണ്. ഉപദേശങ്ങൾ ചേർത്തുകൊണ്ടു വേണം പുരുഷാർത്ഥങ്ങളെക്കുറിച്ചു പറയേണ്ടത്. അതോടൊപ്പം നടന്ന സംഭവങ്ങളുടെ ഇതിവൃത്തം കൂടി ചേർത്തുകൊണ്ട് പറയുന്നതാണ് ഇതിഹാസം. രാമായണവും മഹാഭാരതവും അർത്ഥകാമങ്ങൾ ധാർമികമായി അനുഷ്ഠിച്ചാൽ മോക്ഷത്തിലെത്താം എന്ന് നമ്മെ പഠിപ്പിക്കുന്നു. മോക്ഷം എന്നതാണ് ആത്യന്തികമായ ലക്ഷ്യം. വിവിധ കഥാപാത്രങ്ങളിലൂടെ മോക്ഷം എന്ന ലക്ഷ്യം എങ്ങനെ നേടാമെന്നും മറുവശത്ത് കർമ്മഫലങ്ങൾ എപ്രകാരം ജന്മപരമ്പരകൾക്കു കാരണമാകുന്നു എന്നും വ്യക്തമാക്കുന്നു.

## രാമായണം



രാമായണം ഇതിഹാസവുമാണ്, ആദികാവ്യവുമാണ്. ധർമ്മം, അർഥം, കാമം, മോക്ഷം ഇവയെല്ലാം രാമായണത്തിലുണ്ട്. "രാമോ വിഗ്രഹവാൻ ധർമ്മ:" എന്നു പ്രതിപാദിച്ചു കൊണ്ട് രാമൻ എന്ന പ്രധാന

കഥാപാത്രത്തെ, ധർമ്മത്തിന്റെ മൂർത്തിമദ്ഭാവമായി ചിത്രീകരിക്കുന്നു. അർഥം എന്താണെന്നും, പലവിധ അർത്ഥങ്ങളെക്കുറിച്ചും (ധനം മാത്രമല്ല അർഥം), ഏതു വിധത്തിലുള്ള അർത്ഥമാണ് നമ്മൾ സമ്പാദിക്കേണ്ട തെന്നും രാമായണം നമ്മെ പഠിപ്പിക്കുന്നു. സകല വിധമായ കാമനകളും രാമായണത്തിൽ കാണുന്നുണ്ട്. “അതികാമാത് ദശഗ്രീവഃ’ – അതിയായ കാമം ദശഗ്രീവന്റെ നാശഹേതുവായി. ധാർമ്മികമായ കാമം മാത്രമാണ് അനുഭവിക്കാനാവുന്നത് എന്നും രാമായണം കാണിച്ചുതരുന്നു. മോക്ഷത്തെക്കുറിച്ച് പലയിടങ്ങളിലും രാമായണം പ്രതിപാദിക്കുന്നുണ്ട്. ഈ വിധം നാല് പുരുഷാർത്ഥങ്ങളെയും രാമായണം പല സന്ദർഭ ങ്ങളിലായി നമ്മെ ഉദ് ബോധിപ്പിക്കുന്നു.

രാമായണത്തിന്റെ ഉത്ഭവം

ഭഗവാൻ മഹാവിഷ്ണു രാമനായി ഭൂമിയിൽ അവതരിച്ചപ്പോൾ വേദം രാമായണമായി അവതരിച്ചു. “വേദവേദ്യേപരംപുംസി ജാതേ ദശരഥാത്മജേ / വേദഃ പ്രാചേതസാദാസീത് സാക്ഷാത് രാമായണാത്മനാ” വേദവേദ്യനായ – വേദത്തിനാൽ അറിയപ്പെടേണ്ട പരംപുമാൻ – പരമപുരുഷൻ, ദശരഥാത്മജനായി ഭൂമിയിൽ ജനിച്ചപ്പോൾ, രാമായണം എന്ന ആത്മ സ്വരൂപത്തോടെ, വേദം പ്രാചേതസ്സിൽ നിന്നുമുണ്ടായി. പ്രചേതസമുനിയുടെ പുത്രനായതു കൊണ്ട് വാല്മീകിക്ക് പ്രാചേതസ്സ് എന്ന പേരുണ്ട്. രാമായണം വേദം തന്നെയാണ് – വാല്മീകി, വേദത്തെ രാമായണമായി അവതരിപ്പിക്കുകയാണ്.

ഋഷിപുത്രനായ പ്രാചേതസ്സ്, യോജ്യവും അവശ്യവുമായ സംസ്കാരങ്ങളും, പഠനവും നേടിയശേഷം രത്നാകരൻ എന്ന പേരിൽ ദുർവൃത്തനായി മാറുകയാണ്. ദുർവൃത്തി കളിൽ അകപ്പെട്ട ഇദ്ദേഹം വഴിപോക്കർക്ക് ഉപദ്രവ കാരിയായി. ഇപ്രകാരം കാട്ടാളന്റെ സംസ്കാരം സ്വീകരി ച്ചപ്പോൾ കിട്ടിയ പേരാണ് രത്നാകരൻ. ഒരിക്കൽ ആ വഴി വന്ന സപ്തർഷിമാരെ രത്നാകരൻ ആക്രമിക്കുന്നു. തന്റെ സമ്പാദ്യങ്ങൾക്കൊപ്പം പാപങ്ങളും ഭാര്യ പങ്കിടുമോ എന്ന സപ്തർഷിമാരുടെ ചോദ്യത്തിന് ഭാര്യയുടെ നിഷേധാത്മകമായ മറുപടി കേട്ട രത്നാകരൻ തന്റെ പാപങ്ങൾക്കുള്ള പരിഹാരം ആരായുന്നു. ഈ സന്ദർഭത്തിൽ ഇപ്രകാരം പെരുമാറാൻ രത്നാകരനെ പ്രേരിപ്പിച്ചത് അന്തർലീനമായി കിടന്നിരുന്ന സംസ്കാരം തന്നെയാണെന്ന് വ്യക്തമാണ്. ഇപ്പോൾ കാട്ടാളനാ യെങ്കിലും ചെറുപ്പകാലത്തു നേടിയ സംസ്കാരവും പഠനവുമാണ് സപ്തർഷിമാരുടെ ചോദ്യം ശ്രദ്ധിക്കാനും അതേക്കുറിച്ച് ആലോചിക്കാനുമുള്ള ക്ഷമ അദ്ദേഹത്തിന് നൽകിയത്.

പാപപരിഹാരാർത്ഥം സപ്തർഷിമാർ രാമനാമം ജപിക്കാൻ നൽകിയ ഉപദേശം സ്വീകരിച്ചുകൊണ്ട് രത്നാകരൻ തപസ്സാരംഭിച്ചു. ഈ വിധം മഹത്തായ രാമശബ്ദം ലോകത്തിനു നൽകിയതും വാല്മീകി തന്നെ യാണ്. രാമനാമത്തിന്റെ മാഹാത്മ്യം സപ്തർഷിമാർ

വാല്മീകിയിലൂടെ ലോകത്തിനു മുൻപിൽ വിളംബരം ചെയ്യുകയായിരുന്നു. “രമന്തേ യോഗിനോ യസ്മിൻ സഃ രാമഃ” – യോഗികൾ ആരിൽ രമിക്കുന്നുവോ, അവനാണ് രാമൻ. എല്ലാ യോഗികളും രമിക്കുന്നത് പരമാത്മ ചൈതന്യത്തിലാണ്. അതിന്റെ പേരാണ് രാമൻ. പരബ്രഹ്മത്തെ പരമാത്മചൈതന്യത്തെ – സൂചിപ്പിക്കു വാനുള്ള ഏകനാമമാണ് രാമൻ. ഇതുകൊണ്ടു തന്നെയാണ് സപ്തർഷിമാർ മറ്റു മന്ത്രങ്ങളൊന്നും ഉപദേശിക്കാതെ ഈ വാക്കു തന്നെ രത്നാകരന് ഉപദേശിച്ചു കൊടുത്തത്. രാമശബ്ദം ജപിച്ചുകൊണ്ട് ഒരായിരം വർഷം തപസ്സിരുന്ന രത്നാകരൻ, തനിക്കു ചുറ്റും ഉയർന്നുവന്ന ചിതൽ പുറ്റിൽ നിന്നും (വാൽമീകത്തിൽ നിന്നും പുറത്തു വന്നത് രാമശബ്ദത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിയ വാല്മീകി എന്ന ഋഷിയായിട്ടാണ്.

“തപഃസ്വാദ്ധ്യായ നിരതം തപസ്വീ വാഗ്വിദാംവരം/
നാരദം പരിപപ്രച്ഛ വാല്മീകിർ മുനി പുംഗവഃ//
കോന്വസ്മിൻസാമ്പ്രതം ലോകേ ഗുണവാൻ കശ്ച വീര്യവാൻ//
ധർമജ്ഞശ്ച കൃതജ്ഞശ്ച സത്യവാക്യോ ദൃഢവതഃ//”

“തപഃസ്വാദ്ധ്യായ നിരതം’ – തന്റെ ആശ്രമത്തിൽ തപ സ്വാധ്യായനിരതനായി കഴിയവേ, (പഠിച്ച വിഷയങ്ങൾസ്വയംഅധ്യയനംചെയ്ത്ഉറപ്പിക്കുന്നതാണ് സ്വാധ്യായം). “വാഗ്വിദാംവരം’ – തപസ്വിയും വാക്കറിയുന്നവരിൽ ശ്രേഷ്ഠനുമായ നാരദനോട് മുനിപുംഗവനായ വാല്മീകി, ഇപ്രകാരം ചോദിക്കുന്നു. “കോന്വസ്മിൻ സാമ്പ്രതം ലോകേ ഗുണവാൻ കശ്ച വീര്യവാൻ’ – സാമ്പ്രതം ലോകേ – ഇപ്പോൾ ഈ ലോകത്ത്, ഗുണവാനും വീര്യവാനും ആയ ‘കോന്വസ്മിൻ’ – ആരാണു ള്ളത്? എല്ലാ മനുഷ്യഗുണങ്ങളും തികഞ്ഞ, വീര്യവാനായ ഒരാൾ ഉണ്ടോ? “ധർമജ്ഞശ്ച കൃതജ്ഞശ്ച സത്യ വാക്യോ ദൃഢവൃത – ധർമജ്ഞനും, കൃതജ്ഞനും, ചെയ്ത കാര്യങ്ങളെ കുറിച്ച് അറിവുള്ളവനും സത്യം മാത്രം പറയുന്നവനും ദൃഢവ്രതനുമായ ഒരാൾ ഉണ്ടോ? –

നാരദൻ ഇതിന് ഒരു വരിയിൽ മറുപടി നൽകുന്നു: “ഇക്ഷ്വാകുവംശ പ്രഭവോ രാമഃ’ – ഇക്ഷാകു വംശത്തിൽ ജാതനായ രാമൻ – അങ്ങ് ചോദിച്ച ഗുണങ്ങളെല്ലാം തികഞ്ഞ ഒരാൾ മാത്രമേയുള്ളൂ ഈ ലോകത്തിൽ, അത് ഇക്ഷ്വാകു വംശത്തിൽ ജനിച്ച ശ്രീരാമൻ ആണ്.”

നാരദൻ പോയ ശേഷം രാമനെക്കുറിച്ചു തന്നെ ചിന്തിച്ചുകൊണ്ടിരുന്ന വാല്മീകി മധ്യാഹ്ന സന്ധ്യാവന്ദനത്തിനായിശിഷ്യനായ ഭരദ്വാജനൊപ്പംതമസാനദിയുടെ തീരത്തേക്ക് പോകുന്നു. നദിയുടെ തെളിനീരിലേക്കു സൂക്ഷിച്ചു നോക്കിക്കൊണ്ട് അദ്ദേഹം പറയുന്നു. “അകർദ്ദമമിദം തീർത്ഥം ഭരദ്വാജ നിശാമയ/ രമണീയം പ്രസന്നാംബു സന്മനുഷ്യ മനോയഥാ//”. ഈ നോക്കു ഭരദ്വാജാ – “അകർദ്ദമമിദം തീർത്ഥം – തീർത്ഥത്തിൽ

അല്പംപോലും മാലിന്യമില്ല. രമണീയവും തെളിഞ്ഞതും ആയ വെള്ളം – ഇത് സജ്ജനങ്ങളുടെ മനസ്സു പോലെയാണ്.

ഇപ്രകാരം പറഞ്ഞുകൊണ്ട് മഹർഷി നദിക്കരയിലെ തളിർത്തുലഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളിലേക്കു നോക്കി നിന്ന സമയത്ത്, രണ്ടു ക്രൗഞ്ചപക്ഷികൾ മരച്ചില്ലയിൽ ഇരിക്കുന്നതും ഒരു വേടൻ അതിലൊരു പക്ഷിയെ അമ്പെയ്തു കൊല്ലുന്നതു കാണുകയും ചെയ്യുന്നു. ഇതുകണ്ട വാല്മീകി ശോകത്താൽ വേടനെ ശപിച്ചു എന്നാണ് കഥ. രാമായണത്തിന് ആധാരമായ ആദ്യശ്ലോകം അവിടെ രചിക്കപ്പെട്ടു.

"മാനിഷാദ പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ/
യത് ക്രൗഞ്ചമിഥുനാദേകമവധീഃ കാമമോഹിതം//"

'അരുത് കാട്ടാളാ, ശാശ്വതവും സമവുമായ പ്രതിഷ്ഠ നിനക്കുണ്ടാകാതെ പോകട്ടെ, ക്രൗഞ്ചമിഥുനങ്ങളിൽ, കാമ മോഹിതനായ ഒന്നിനെ നീ കൊന്നുവല്ലോ. കാമമോഹിതനായ പക്ഷിയെ കൊന്നതിനാൽ നിനക്ക് ഈ ലോകത്തിൽ ശാശ്വതമായ നിലനിൽപ്പ് ഇല്ലാതെ പോകട്ടെ' എന്ന് ശപിച്ചു... ഇപ്രകാരമാണ് പൊതുവെ എല്ലാവരും ധരിച്ചുവെച്ചിരിക്കുന്ന അർഥം. പ്രചാരത്തിലുള്ള അർഥം ഇപ്രകാരമാണെന്നറിഞ്ഞ ശേഷം വീണ്ടും ഈ ശ്ലോകത്തെക്കുറിച്ച്, മറ്റൊരു അർത്ഥതലത്തെക്കുറിച്ചു ചിന്തിക്കാം.

(......തുടരും)

---

## മാധവ സദാശിവ ഗോൾവൽക്കർ ( ഗുരുജി )

(19 ഫെബ്രുവരി 1906 – 5 ജൂൺ 1973)



'മാധവാ നിൻ ചരണയുഗളം
മാർഗ്ഗദർശകമായ് വരേണം...
മാതൃപൂജയിലുടലുമുയിരും
നൽകി ജന്മം സഫലമാക്കാൻ ...'

ഗുരുജി എന്ന പേരിൽ അറിയപ്പെടുന്ന മാധവ റാവു സദാശിവറാവു ഗോൾവൽക്കർ..രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ രണ്ടാമത്തെ സർസംഘചാലക് (പരമാധികാരി). ദേശഭക്തിയുടെ അമൃതവാണി മുഴക്കി ജനതയെ ജനാർദ്ദന ഭാവത്തിൽ കണ്ട് രാഷ്ട്രസേവനം

നടത്താൻ ജനലക്ഷങ്ങൾക്ക് പ്രചോദനമേകിയ കർമ്മയോഗി.. രാഷ്ട്ര ശരീരത്തിന്റെ ഓരോ അണുവിലും കർമ്മോത്സുക തയുടെ പ്രോജ്ജ്വലനം നടത്തിയ മഹാമനീഷി.

ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ ജന്തുശാസ്ത്രം പ്രൊഫസറായിരിക്കുന്ന കാലത്താണ്, 1932ൽ ഗോൾവൾക്കർ സംഘവുമായും (RSS), അതിന്റെ സ്ഥാപകനായ ഡോക്ടർജിയുമായും (ഡോ.കേശവ ബലറാം ഹെഡ്ഗേവാർ) അടുക്കുന്നത്. പിന്നീട് സാരഗാച്ഛിയിൽ അഖണ്ഡാനന്ദ സ്വാമികളിൽ നിന്ന് സന്യാസ ദീക്ഷ സ്വീകരിച്ചെങ്കിലും തന്റെ കർമ്മ മണ്ഡലം രാഷ്ട്രസേവനമാണെന്ന് തിരിച്ചറിഞ്ഞ് മടങ്ങി യെത്തി. 1940-ൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ രണ്ടാമത്തെ സർസംഘചാലകായി നിശ്ചയിക്കപ്പെട്ടു. പിന്നീട് ഭാരതത്തെ അറിഞ്ഞും അറിയിച്ചും നീണ്ട മുപ്പത്തിമൂന്നുവർഷത്തെ കഠിന തപസ്...രാഷ്ട്രം മാധവനിലൂടെ കേശവനെ (ഡോക്ടർജി) അറിയുകയായിരുന്നു.

'രാഷ്ട്രായ സ്വാഹ ഇദം ന മമ' എന്ന മന്ത്രവുമായി അറുപതിലധികം തവണ അദ്ദേഹം ഭാരത പരിക്രമണം ചെയ്തു. ഇതിലൊരിക്കൽ പോലും ഹോട്ടലുകളിൽ താമസിച്ചതുമില്ല. ഡോക്ടർജി പാകിയ സുദൃഢമായ അടിത്തറയിൽ അതിവിശാലമായ സംഘടനാമന്ദിരം അദ്ദേഹം പടുത്തുയർത്തി. ആദ്യം അവഹേളിക്കപ്പെട്ടു കയും പിന്നീട് എതിർക്കപ്പെടുകയും ചെയ്ത ആർ.എസ്. എസ് അംഗീകാരത്തിന്റെ പടവുകൾ കയറുക തന്നെ ചെയ്തു.

ബിജെപിയുടെ പൂർവരൂപമായിരുന്ന ജനസംഘം, വിദ്യാർത്ഥി സംഘടനയായ എ ബി വി പി, ഏറ്റവും വലിയ തൊഴിലാളി പ്രസ്ഥാനങ്ങളിലൊന്നായ ബി എം എസ്, വിശ്വഹിന്ദു പരിഷത്ത്, വനവാസികൾക്ക് വേണ്ടി വനവാസി കല്യാണാശ്രമം എന്നിവയെല്ലാം രൂപമെടുക്കുന്നത് ഗുരുജിയുടെ ആശിർവാദത്തോ ടെയാണ്.. ഭാരതത്തിനു പുറത്തേക്ക് സംഘ പ്രവർത്തനമെത്തുന്നതും ഇക്കാലയളവിലാണ്.

രാഷ്ട്രം പ്രതിസന്ധി ഘട്ടങ്ങൾ നേരിട്ടപ്പോഴെല്ലാം അദ്ദേഹം മാർഗദർശകനായി നിന്നു. വിഭജന കാലത്ത് ലുധിയാനയിലും അമൃതസറിലും ജലന്ധറിലുമെല്ലാ മെത്തി ദുരിതമനുഭവിക്കുന്നവർക്ക് ആത്മവിശ്വാസം നൽകി. സ്വാതന്ത്ര്യത്തിനു ശേഷം കശ്മീരിനേയും ഹൈദരാബാദിനേയും ഭാരതത്തോടൊപ്പം ലയിപ്പിക്കു ന്നതിലും അദ്ദേഹം മുഖ്യപങ്കു വഹിച്ചു. 1962 ലെ ചൈനീസ് ആക്രമണം അദ്ദേഹം മുൻ കൂട്ടി പ്രവചി ച്ചിരുന്നു. എന്നാൽ ഇന്തോ - ചീനി ഭായ് ഭായ് എന്ന മുദ്രാവാക്യം മുഴക്കി നടന്നിരുന്ന അന്നത്തെ ഭരണാധി കാരികൾ അതിനെ പരിഹസിക്കുകയാണ് ചെയ്തത്.

ഒടുവിൽ ഗുരുജി പറഞ്ഞതു സംഭവിക്കുകയും ചെയ്തു.

താരതമ്യം ചെയ്യാനാകാത്ത ബൗദ്ധിക വ്യക്തിത്വത്തിലൂടെ ഭാരതത്തിന്റെ സംസ്കാരത്തിലൂന്നിയ സംഘടനാ പ്രവർത്തനം കാഴ്ച വച്ച ഗുരുജി 1973 ജൂൺ 5 ന് ലോകത്തോട് വിടപറഞ്ഞു. പ്രതിസന്ധിഘട്ടങ്ങളിൽ രാജ്യത്തിന് ശക്തി നൽകിയ നേതാക്കളിലൊരാളെ നഷ്ടപ്പെട്ടെന്നാണ് അന്നത്തെ പ്രതിരോധ മന്ത്രി ജഗ്ജീവൻ റാം പാർലമെന്റിൽ പറഞ്ഞത്. 'വ്യക്തിയില്ലെങ്കിലും സംഘടന മുന്നോട്ട് തന്നെ പോകുമെന്നായിരുന്നു' ഗുരുജി എക്കാലവും പറഞ്ഞിരുന്നത്. വ്യക്തിക്കതീതമായി രാഷ്ട്രത്തെ മാത്രം മനസിലുറപ്പിച്ച് മുന്നോട്ട് പോകാൻ സംഘത്തിനു കഴിയുന്നതും അതുകൊണ്ട് തന്നെയാണ്..

1966-ൽ പ്രസിദ്ധീകരിച്ച 'വിചാരധാര' - (ബഞ്ച് ഓഫ് തോട്സ്) ആർഎസ്എസ് ശാഖകളെ ചുറ്റിപ്പറ്റിയുള്ള വിവിധ വിഷയങ്ങളിൽ അദ്ദേഹം നടത്തിയ സംവാദങ്ങളുടെയും പ്രഭാഷണങ്ങളുടെയും സമാഹാരമാണ്. ഈ പുസ്തകം നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: "ദൗത്യം, രാഷ്ട്രം - അതിന്റെ പ്രശ്നങ്ങൾ, മഹത്വത്തിലേക്കുള്ള പാത, മനുഷ്യരെ വാർത്തെടുക്കൽ". സ്വാതന്ത്ര്യസമയത്ത് ഗവൺമെന്റ് സ്വീകരിച്ച മൂല്യങ്ങൾ സോഷ്യലിസത്തിന്റെ രൂപത്തിൽ റഷ്യയിൽ നിന്നും, 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റിലൂടെ ബ്രിട്ടനിൽ നിന്നുമാണെടുത്തതെന്നും; ഇന്ത്യ സ്വന്തം സംസ്കാരവും മൂല്യങ്ങളും സ്വീകരിക്കണമെന്നും ഗുരുജി വിശ്വസിച്ചു. 'ഹിന്ദു രാഷ്ട്രത്തിന്' വിശാലമായ അർത്ഥമുണ്ട്, അത് വിശ്വാസത്തെയും ഇന്ത്യൻ സമൂഹത്തെയും പരാമർശിക്കാൻ ഉപയോഗിക്കാം" - വിശ്വ ഹിന്ദു പരിഷത്ത് അന്താരാഷ്ട്ര വർക്കിംഗ് പ്രസിഡന്റ് അലോക് കുമാർ പറഞ്ഞു.

"ഭാരതത്തിന്റെയോ ഇന്ത്യയുടെയോ ജീവിതരീതിയും സംസ്കാരവും ധർമ്മവും ഒരു ഹിന്ദു രാഷ്ട്രത്തിന്റേതാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഹിന്ദു രാഷ്ട്രം പ്രബുദ്ധമായ ദേശീയതയും വൈവിധ്യത്തിന്റെ സ്വീകാര്യതയും സഹിഷ്ണുതയും ഉൾക്കൊള്ളുന്നു.

എതിർപ്പിനെ ഒട്ടും പരിഗണിക്കാതെ, ഗുരുജി ദേശീയതയുടെ ശുദ്ധമായ ആശയം വിശദീകരിക്കുക മാത്രമല്ല, അതനുസരിച്ച് ജീവിക്കാൻ ആയിരങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ മികച്ച നേട്ടം. വിരുദ്ധപ്രചാരണങ്ങൾ ഗുരുജിയെ പലപ്പോഴും വിവാദ വ്യക്തിയാക്കി. രാഷ്ട്രീയ നേട്ടങ്ങൾക്കായി അദ്ദേഹത്തിന്റെ പല പ്രസ്താവനകളും എതിരാളികൾ വളച്ചൊടിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ മനസ്സിനെ ഒരിക്കലും വിദ്വേഷം കൊണ്ട് കളങ്കപ്പെടുത്താൻ കഴിഞ്ഞില്ല. ഹിന്ദു രാഷ്ട്രത്തിന്റെ, ജീവിതത്തെക്കുറിച്ചുള്ള ഹിന്ദു വീക്ഷണത്തിന് അനുസൃതമായി, പുനരുജ്ജീവ

നത്തിന്റെ ലക്ഷ്യത്തിൽ നിന്ന് അദ്ദേഹം ഒരിക്കലും വ്യതിചലിച്ചില്ല. പെരുമാറ്റത്തിൽ അങ്ങേയറ്റം വാത്സല്യമുള്ളവനായിരുന്ന അദ്ദേഹം, എന്നാൽ തത്വങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയില്ലാത്തവനായിരുന്നു. സ്വയം നിഷേധിക്കുന്നതിനോ സ്വയം വഞ്ചിക്കുന്നതിനോ രാജ്യത്തിന്റെ അന്തസ്സിനു കളങ്കമുണ്ടാക്കുന്നതിനോ കാരണമായ ഒരു വിട്ടുവീഴ്ചയും അദ്ദേഹം ഒരിക്കലും അംഗീകരിച്ചില്ല.

നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തി ഭാഷയിൽ 'ജ്യോതിപുഞ്ച്' (വെളിച്ചത്തിന്റെ കിരണങ്ങൾ) എന്ന പേരിൽ ഒരു പുസ്തകം എഴുതി, അതിൽ, തന്നെ പ്രചോദിപ്പിച്ച 16 പേരുടെ ജീവിതകഥകൾ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. 'പൂജനീയ ശ്രീ ഗുരുജി' എന്ന തലക്കെട്ടിലുള്ള ലേഖനത്തിൽ, മോദിജിയുടെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ സ്വാധീനം ഗുരുജിയാണെന്നും – വിവേകാനന്ദനാണ് ആദ്യത്തേതെന്നും – സൂചിപ്പിക്കുന്നു. അടൽജി, അദ്വാനിജി, മോദിജി തുടങ്ങിയ ദേശീയ രത്നങ്ങളുടെ വളർച്ചയിലും, രാഷ്ട്രത്തിന്റെ വിശ്വഗുരു പദവിയിലേക്കുള്ള ഉയർച്ചയിലും; ആർഎസ്എസിനും, വ്യക്തിപരമായി ഗുരുജിക്കും വലിയ സ്വാധീനമുണ്ട്.

————————————————————

## ഭസ്മം ധരിക്കുന്നതെന്തിന്?



ഭസ്മധാരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ, ചില നേരത്ത് നനച്ച ഭസ്മം ധരിക്കണമെന്നും മറ്റുചിലപ്പോൾ നനയ്ക്കാത്ത ഭസ്മം ധരിക്കണമെന്നും പറയാറുണ്ട്. ഇത് വൈരുദ്ധ്യമല്ലേയെന്ന് ചോദിക്കുന്നത് സ്വാഭാവികം മാത്രമാണ്. ഇതിനുത്തരം കൃത്യമായി നല്ലാൻ പഴമക്കാർക്കായില്ലെങ്കിലും ഭസ്മത്തിലെ ഔഷധവീര്യത്തെപ്പറ്റി അവർക്ക് നല്ല ബോധമുണ്ടായിരുന്നുവെന്നതാണ് വാസ്തവം.

രാവിലെ ഉണർന്ന് കൈകാൽ മുഖം കഴുകി വന്ന് പൂമുഖത്ത് തൂക്കിയിട്ടിരിക്കുന്ന ഭസ്മച്ചട്ടിയിൽ നിന്നും ഒരുപിടി ഭസ്മം വാരി നെറ്റിയിലും പിന്നെ നെഞ്ചിലും ഇരുഭുജങ്ങളിലും മറ്റുചില മർമ്മസ്ഥാനങ്ങളിലും മുത്തശ്ശനും മുത്തശ്ശിയുമൊക്കെ പുരട്ടുന്നത് കാണാൻ ചിലർക്കെങ്കിലും ഭാഗ്യമുണ്ടായിട്ടുണ്ട്. സന്ധ്യാസമയത്തും കൈകാൽ മുഖം കഴുകി വന്നശേഷവും ഇങ്ങനെ ഭസ്മം പുരട്ടാറുണ്ട്. ഈ രണ്ടു സമയങ്ങളിലും

അവർ അണിഞ്ഞിരുന്നത് നനയ്ക്കാത്ത ഭസ്മമായിരുന്നു. എന്നാൽ കുളികഴിഞ്ഞ് വന്നതിനുശേഷമാകട്ടെ ഭസ്മമെടുത്ത് നനച്ചാണ് ദേഹത്ത് പുരട്ടിയിരുന്നത്.

ഈ രണ്ട് തരത്തിലുള്ള ഭസ്മധാരണരീതികൾ കാണുമ്പോൾ നാം മനസ്സിലാക്കേണ്ടത്, നനയ്ക്കാത്ത ഭസ്മത്തിന് അണുക്കളെ നശിപ്പിക്കാനുള്ള കഴിവും നനച്ച ഭസ്മത്തിന് ശരീരത്തിൽ അമിതമായുണ്ടാകുന്ന ഈർപ്പത്തെ വലിച്ചെടുത്ത് നീക്കം ചെയ്യാനുള്ള ഔഷധ വീര്യവുമുണ്ടെന്നാണ്.

നമ്മുടെ ശരീരത്തിൽ എങ്ങിനെയാണ് രാവിലെയും സന്ധ്യയ്ക്കും മാത്രം അണുബാധയുണ്ടാവുകയെന്ന ചോദ്യം സ്വാഭാവികം. രാത്രിയിൽ ഒരു വ്യക്തി കിടന്നുറങ്ങുമ്പോൾ അയാളുടെ കിടക്കയിൽ ലക്ഷക്കണക്കിന് അണുക്കളാണ് വിഹരിക്കുന്നതെന്ന് ആധുനിക വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതുപോലെതന്നെ സന്ധ്യാവേളയിലും അന്തരീക്ഷത്തിലുണ്ടാകുന്ന വിഷാണുബാധ ഇതിനകം തന്നെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതും നമ്മുടെ ശരീരത്തെ ബാധിക്കും. അതുകൊണ്ടാണ് അണുബാധയകറ്റാനായി ഈ രണ്ടു സമയങ്ങളിലും നനയ്ക്കാതെ ഭസ്മം ധരിക്കുന്നത്.

കുളിക്കുന്ന സമയത്താകട്ടെ, ശരീരത്തിലെ സന്ധികളിൽ നനവുമൂലം നീർക്കെട്ടുണ്ടാകുവാനും ക്രമേണ അതിലൂടെ കൊഴുപ്പ് വർദ്ധിച്ച് അങ്ങനെ സന്ധിവാതമായി മാറാനുമുള്ള സാധ്യത ശാസ്ത്രം തള്ളിക്കളയുന്നില്ല. ഇങ്ങനെയുള്ള നീർക്കെട്ട് ഒഴിവാക്കാനാണ് കുളിച്ച ശേഷം നനഞ്ഞ ഭസ്മം ധരിക്കുന്നത്.

ഭസ്മധാരണം നടത്തുമ്പോൾ ചൊല്ലാനായി ആചാര്യന്മാർ മന്ത്രവും വിധിച്ചിട്ടുണ്ട്.

“ ഓം അഗ്നിരിതി ഭസ്മ, ജലമിതി ഭസ്മ,<br>
സ്ഥലമിതി ഭസ്മ, വ്യോമേതി ഭസ്മ,<br>
സർവ്വം ഹവാ ഇദം ഭസ്മേ,<br>
മന ഏതാനി ചക്ഷും ഷി ഭസ്മ.”

**തത്വശാസ്ത്രം**

നാം അഗ്നിയിലൂടെ ഉണ്ടാകുന്ന ചാരത്തിൽ നിന്ന് ജനിക്കുകയും ചാരമായി നശിക്കുകയും ചെയ്യുന്നു. അഗ്നി ശുദ്ധമാണെന്നും അഗ്നികൊണ്ട് സ്പർശിക്കുന്നതെന്തും ശുദ്ധമാണെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഹിന്ദുക്കൾ സാധാരണയായി മൃതദേഹം സംസ്കരിക്കാൻ (ശുദ്ധീകരിക്കുവാൻ) ദഹിപ്പിക്കുന്നത്. ഭൂതകാലത്തിലെ മാലിന്യങ്ങൾ ശവസംസ്കാരത്തിനു ശേഷം താൽക്കാലികമായി നിലനിൽക്കും, എന്നാൽ ഒടുവിൽ, നിത്യശുദ്ധമായ ആത്മാവ്, വിഭൂതി മാത്രമേ അവശേഷിക്കുന്നുള്ളൂ.

**വിഭൂതിയും ശിവനുമായുള്ള ബന്ധവും**

ഓരോ അവസാനവും ഒരു പുതിയ തുടക്കം ഉറപ്പാക്കുന്നു, ആ രൂപാന്തരത്തിന്റെയും നാശത്തിന്റെയും അധിപനാണ് ശിവൻ. ശിവന്റെ മൂന്നാമത്തെ കണ്ണ് സർവശക്തിയുടെയും അറിവിന്റെയും കണ്ണാണ്, അത് എല്ലാം ചാരമാക്കി മാറ്റാനുള്ള ശക്തിയാണ്. എല്ലാത്തിനും അവസാനമുണ്ട്, സമയമാകുമ്പോൾ ശിവൻ എല്ലാം ചാരമാക്കി മാറ്റുന്നു.

പുരാണങ്ങളിൽ പറയുന്നത് ശിവൻ ബ്രഹ്മാവിനെയും വിഷ്ണുവിനെയും എല്ലാ ലോകങ്ങളെയും ഭസ്മമാക്കി മാറ്റുകയും അതിനുശേഷം, പരമോന്നത ശക്തിയുടെയും പ്രതീകമായി അദ്ദേഹം തന്റെ ദേഹത്ത് ആ ഭസ്മം ധരിച്ചു എന്നുമാണ്.

ഭസ്മത്തിന്റെ പ്രതീകാത്മകത അർത്ഥമാക്കുന്നത് ശിവന്റെ കോപം രൂപാന്തരപ്പെടുത്തുന്നതും കേവലം വിനാശകരമല്ല എന്നുമാണ്. ശിവൻ വസ്തുക്കളിലെ മാലിന്യങ്ങളെ ചാരമാക്കി മാറ്റി അവയെ ശുദ്ധവും തിളക്കവുമുള്ളതാക്കുന്നു.

ഹിന്ദു ധർമ്മ വിശ്വാസികളും ശിവന്റെ അനുയായികളും വിഭൂതിക്ക് ഉയർന്ന പ്രാധാന്യം നൽകുന്നു. ഇത് പരിശുദ്ധി, അനശ്വരത, രോഗശാന്തി, സംരക്ഷണം, ത്യാഗം, ശക്തി സ്വാംശീകരണം എന്നിവയുടെ പ്രതീകമാണ്.

ശ്മശാനത്തിലെ ശരീരങ്ങളുടെ ദഹിപ്പിക്കൽ, ചാണകം കത്തിക്കൽ, ഹോമം എന്നിവയിൽ നിന്നാണ് ഭസ്മം ലഭിക്കുന്നത്. ഭക്തർ വിവിധ ആവശ്യങ്ങൾക്കായി പവിത്രമായ ഭസ്മം ഉപയോഗിക്കുന്നു. അയ്യപ്പഭക്തർ (അയ്യപ്പൻ ശിവന്റെയും വിഷ്ണുവിന്റെയും മകൻ) വിഭൂതി ധരിക്കുന്ന അതേ ആചാരം പിന്തുടരുന്നു. വിഭൂതി/ഭസ്മ-അഭിഷേകം സ്വാമി അയ്യപ്പന്റെ പ്രിയപ്പെട്ട ഒരു വഴിപാടാണ്.

------------------------------------------

## ലോകം ഒരു കണ്ണാടി :

### അമ്മ (സദ്ഗുരു മാതാ അമൃതാനന്ദമയി ദേവി )



നമ്മുടെ ഒരോ പുഞ്ചിരിക്കും വാക്കിനും പ്രവൃത്തിക്കും എത്രയോ പേരുടെ ജീവിതത്തിൽ പ്രകാശം പരത്താനുള്ള ശക്തിയുണ്ട്.

മക്കളേ, നമ്മൾ മറ്റുള്ളവരിൽ നിന്ന് സ്നേഹവും ബഹുമാനവും പ്രതീക്ഷിക്കുന്നു. എന്നാൽ നമ്മിൽ നിന്ന് മറ്റുള്ളവരും അതു പ്രതീക്ഷിക്കുണ്ടെന്ന കാര്യം നാം ചിന്തിക്കാറില്ല. ഈ ലോകം ഒരു കണ്ണാടി പോലെയാണ്. കണ്ണാടിയിൽ നോക്കി പുഞ്ചിരിച്ചാൽ പ്രതിബിംബവും നമ്മെനോക്കി പുഞ്ചിരിക്കും. ഗോഷ്ഠി കാണിച്ചാൽ തിരിച്ചും ഗോഷ്ഠി കാണിക്കും. നമ്മൾ ലോകത്തിനു നല്കുന്നതു മാത്രം നമുക്കു തിരിയെ ലഭിക്കുന്നു.

ഒരു ഗ്രാമത്തിലെ സർക്കാർ ആശുപത്രിയിൽ ഒരു ഡോക്ടർ സ്ഥലംമാറിവന്നു. ആകർഷകമായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. തിരക്കോ, രോഗികളുടെ

പെരുമാറ്റങ്ങളോ ഒന്നും അദ്ദേഹത്തിന്റെ ശാന്തതയ്ക്ക് ഇളക്കമുണ്ടാക്കിയില്ല. ഈ തിരക്കിനിടയിലും താങ്കൾക്കെങ്ങനെ ചിരിച്ചുകൊണ്ട് ജോലിചെയ്യാൻ കഴിയുന്നു? – ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. നമ്മുടെ കർമ്മങ്ങൾ നമുക്കും മറ്റുള്ളവർക്കും സന്തോഷവും സംതൃപ്തിയും ഉളവാക്കുന്ന വിധത്തിലാവാൻ നമ്മൾ എപ്പോഴും മനസ്സുവെക്കണം. ഡോക്ടർ പറഞ്ഞു: “ജീവിതം എന്നെ പഠിപ്പിച്ച പാഠമാണിത്. മുമ്പ് ഞാനൊരു സ്വകാര്യ ആസ്പത്രിയിലാണ് ജോലിചെയ്തിരുന്നത്. വീട്ടിൽനിന്നും ബസ്സിൽ വേണം ആസ്പത്രിയിലെത്താൻ. ബസ് കാത്തു സ്റ്റോപ്പിൽ നിന്നാൽ വണ്ടി മറ്റെവിടെയെങ്കിലുമായിരിക്കും നിർത്തുക. ഓടിച്ചെല്ലുമ്പോഴേക്കും പലപ്പോഴും ബസ് വിട്ടിരിക്കും. ഇനി കയറിയാലും സീറ്റു കിട്ടില്ല. ടിക്കറ്റിനു പണംകൊടുത്താൽ പലപ്പോഴും ബാക്കി തരില്ല. ചോദിച്ചാൽ ദേഷ്യപ്പെടും. പലപ്പോഴും മനസ്സ് നിയന്ത്രണംവിടും. ഈ ദേഷ്യമെല്ലാം ഉള്ളിലൊതുക്കിയാണ് ആസ്പത്രിയിലേക്കു ചെല്ലുക. സഹപ്രവർത്തകരെ നോക്കി ഒന്നു ചിരിക്കാനോ ജോലിയിൽ വേണ്ടത്ര ശ്രദ്ധിക്കാനോ കഴിഞ്ഞിരുന്നില്ല. ഇതു മുതിർന്ന ഡോക്ടറുടെ വഴക്കുകേൾക്കാൻ ഇടയാക്കും. വൈകീട്ട് വീട്ടിൽ ചെന്നാൽ ഉള്ളിലുള്ള വിഷമവും അമർഷവുമെല്ലാം അവിടെ തീർക്കും. ഇതുമൂലം കുടുംബത്തിലും സമൂഹത്തിലും ഞാൻ ഒറ്റപ്പെട്ടു.

എന്നാൽ പിന്നീട് ഒരു ദിവസം ഞാൻ സ്റ്റോപ്പിൽ എത്തിയപ്പോൾ എന്നെക്കണ്ട് കണ്ടക്ടർ ബെല്ലടിച്ചു വണ്ടി നിർത്തി. ബസ്സിൽ ഇരിക്കാൻ സീറ്റുണ്ടായിരുന്നില്ല. കണ്ടക്ടർ അയാളുടെ സീറ്റ് എനിക്ക് ഒഴിഞ്ഞുതന്നു. ആ പെരുമാറ്റം എനിക്കു പകർന്നുതന്ന ആശ്വാസം എത്രയെന്നു പറയാനാവില്ല. ആസ്പത്രിയിലെത്തിയപ്പോൾ, എല്ലാവരും എന്നെ നോക്കി പുഞ്ചിരിക്കുന്നതായി എനിക്കു തോന്നി. അന്നു ജോലികൾ ശ്രദ്ധയോടെ ചെയ്യാൻ കഴിഞ്ഞു, മേലുദ്യോഗസ്ഥൻ എന്നെ പ്രത്യേകം പ്രശംസിച്ചു. വീട്ടിൽ എത്തിയപ്പോൾ, കുട്ടികളോടും ഭാര്യയോടും സ്നേഹത്തോടെ പെരുമാറാൻ കഴിഞ്ഞു. കണ്ടക്ടറുടെ പെരുമാറ്റം എന്നിലും എന്റെ പെരുമാറ്റം മറ്റുള്ളവരിലും വരുത്തിയ മാറ്റത്തെക്കുറിച്ച് ഞാൻ ബോധവാനായി. എല്ലാവരോടും സ്നേഹത്തോടു കൂടി മാത്രമേ പെരുമാറുകയുള്ളൂ എന്നു ഞാൻ പ്രതിജ്ഞ ചെയ്തു.”

നമ്മുടെ ഓരോ പുഞ്ചിരിക്കും വാക്കിനും പ്രവൃത്തിക്കും എത്രയോ പേരുടെ ജീവിതത്തിൽ പ്രകാശം പരത്താനുള്ള ശക്തിയുണ്ട്. അതിനാൽ നമ്മുടെ കർമ്മങ്ങൾ നമുക്കും മറ്റുള്ളവർക്കും സന്തോഷവും സംതൃപ്തിയും ഉളവാക്കുന്ന വിധത്തിലാവാൻ നമ്മൾ എപ്പോഴും മനസ്സുവെക്കണം. ക്രമേണ മറ്റെല്ലാവരും നമ്മോടും പുഞ്ചിരിക്കുന്നതും സ്നേഹത്തോടെ പെരുമാറുന്നതും സംതൃപ്തിയോടെ കാണാൻ, അനുഭവിക്കാൻ സാധിക്കും.

––––––––––––––––

**ത്യാഗത്തിൽ നിന്നുള്ള സന്തോഷം.**

**"എന്തെങ്കിലും ഉപേക്ഷിക്കുക, അതിൽ സന്തോഷിക്കുക. അത് നിങ്ങളുടേതായിരുന്നുവെന്നത് മറക്കുക. നിങ്ങൾ എന്തെങ്കിലും ഉപേക്ഷിച്ചുവെന്ന് കരുതുന്നതും തെറ്റാണ്. അങ്ങനെയും തോന്നരുത്. മനസ്സുകൊണ്ടു വിശ്രമിക്കുക; സ്വസ്ഥമായിരിക്കുക. നിങ്ങൾ സ്വതന്ത്രനാണെന്ന് തിരിച്ചറിയുക - ആ ഭാരത്തിൽ നിന്ന് സ്വതന്ത്രനാണ്. ആ വസ്തു ഒരു ഭാരമായിരുന്നു, ഇപ്പോൾ അത് ഇല്ലാതായി, വസ്തുക്കളോടുള്ള ബന്ധത്തിന്റെ ഭാരം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയുമെങ്കിൽ മാത്രമേ, അതിൽനിന്നുള്ള വേർപിരിയലും ത്യാഗവും കൊണ്ട് ലഭിക്കുന്ന സംതൃപ്തിയോ സ്വസ്ഥതയോ ആനന്ദമോ നിങ്ങൾക്ക് അനുഭവിക്കാൻ കഴിയൂ. "...അമ്മ**

---

# ഭഗവത് ഗീത - രണ്ടാം അധ്യായം - സാംഖ്യയോഗം - (ശ്ലോകം : (26-30)



**ശ്ലോകം -26**

**അഥ ചൈനം നിത്യജാതം**
**നിത്യം വാ മന്യസേ മൃതം**
**തഥാപി ത്വം മഹാബാഹോ!**
**നൈവം ശോചിതുമർഹസി.**

**അല്ലെങ്കിൽ ഇവനെ (ആത്മാവിനെ) എന്നും ജീവിക്കുന്നവനെന്നും മരിക്കുന്നവനെന്നും ആണ് നീ കരുതുന്നത്, എന്നാൽ പോലും പരാക്രമശാലിയായ നീ ഇങ്ങനെ ദുഃഖിക്കാൻ പാടില്ലല്ലോ (അവകാശപ്പെടുന്നില്ല)**

**ശ്ലോകം - 27**

**ജാതസ്യ ഹി ധ്രുവോ മൃത്യു:**
**ധ്രുവം ജന്മ മൃതസ്യ ച**
**തസ്മാദപരിഹാര്യേ /ർത്ഥേ**
**ന ത്വം ശോചിതുമർഹസി.**

**എന്തെന്നാൽ ജനിച്ചവന് മരണം തീർച്ചയാണ് മരിച്ചവന് ജനനവും തീർച്ചയാണ്, അതിനാൽ പരിഹാരമില്ലാത്ത ഇക്കാര്യത്തിൽ നീ ദുഃഖിക്കാൻ പാടില്ല. (അവകാശപ്പെടുന്നില്ല)**

**ശ്ലോകം - 28**

**അവ്യക്താദീനി ഭൂതാനി**
**വ്യക്തമദ്ധ്യാനി ഭാരത!**
**അവ്യക്തനിധനാന്യേവ**
**തത്ര കാ പരിദേവനാ?**

അർജ്ജുന! ജീവികൾ ആദിയിൽ അവ്യക്തങ്ങളും മദ്ധ്യകാലത്ത് വ്യക്തങ്ങളും അവസാനം അവ്യക്തങ്ങളും തന്നെ അതിൽ എന്തിന് വിലപിക്കുന്നു.

**ശ്ലോകം –29**

ആശ്ചര്യവത് പശ്യതി കശ്ചിദേനം
ആശ്ചര്യവദ്വദതി തഥൈവ ചാന്യ:
ആശ്ചര്യവച്ചൈനമന്യ: ശൃണോതി
ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്

ഒരാൾ ഇവനെ (ആത്മാവിനെ) ആശ്ചര്യമെന്ന പോലെ കാണുന്നു അപ്രകാരം തന്നെ മറ്റൊരാൾ ആശ്ചര്യമെന്നപോലെ പറയുകയും ചെയ്യുന്നു, മറ്റൊരാൾ ഇവനെ ആശ്ചര്യമെന്നപോലെ കേൾക്കുകയും ചെയ്യുന്നു. കേട്ടിട്ടും ഒരാളുംഇവനെ അറിയുന്നില്ല തന്നെ.

**ശ്ലോകം – 30**

ദേഹീ നിത്യമവധ്യോ /യം
ദേഹേ സർവസ്യഭാരത!
തസ്മാത് സർവ്വാണി ഭൂതാനി
ന ത്വം ശോചിതുമർഹസി.

ഹേ അർജ്ജുന! എല്ലാവരുടേയും ദേഹത്തിൽ ഈ, ആത്മാവ് ഒരിക്കലും വധിക്കപ്പെടാവുന്നവനല്ല. അതു കൊണ്ട് ഒരു ജീവിയെ കുറിച്ചും നീ ദുഃഖിക്കാൻ അർഹിക്കുന്നില്ല (പാടില്ല).

( തുടരും)

---

## സുഭാഷിതം – 42

പുനഃ പുനർ ജായമാനാ പുരാണി
സമാനം വർണമപി ശുംഭമാനാ
ശ്വഘ്നിവ കൃത്നുർവിജ് ആമിനാന
മർത്തസ്യ ദേവീ ജരായന്ത്യായുഃ

(ഋഗ്വേദം)

**पुनः पुनर्जायमाना पुराणि समानं वर्णमपि शुम्भमाना**
**श्वघ्निव कृत्नुर्विज आमिनाना  मर्तस्य देवी जरायन्त्यायु:**
**(ऋग्वेद:)**

**അർത്ഥം:** ദിവസങ്ങൾ വീണ്ടും വീണ്ടും ജനിക്കുന്നു. കാലങ്ങളായി, ദിവസങ്ങളുടെ ദൈർഘ്യം അതേപടി തുടരുന്നു. അതിന്റെ ഫലമായി നാം മടിയന്മാരായി. ദിവസങ്ങൾ കഴിയുന്തോറും നമ്മുടെ ആയുസ്സും അവസാനിക്കുന്നു. ഈ സത്യം മനസ്സിലാക്കി, അലസതയില്ലാതെ നമ്മുടെ എല്ലാ കർത്തവ്യങ്ങളും വേഗത്തിൽ പൂർത്തിയാക്കണം.

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 27

(**കുറിപ്പ്:** സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്കു വാട്സാപ്പ്

അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പ വാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. കർണ്ണന് ബ്രഹ്മാസ്ത്രം നൽകിയത് ആരാണ്?
2. ഔഷധങ്ങളും രോഗശാന്തിയും കൈകാര്യം ചെയ്യുന്ന വേദം ഏതാണ്?
3. കുബേരന്റെ ലോകം എന്താണ്?
4. വിദുരന്റെ അമ്മ ആരായിരുന്നു?
5. പാക്കിസ്ഥാനിലെ മുൾതാനിലെ പ്രശസ്തമായ ഹിന്ദു ക്ഷേത്രം, (പിന്നീട് നശിപ്പിക്കപ്പെട്ടത്) ഏത് ?
6. യമനിൽ നിന്ന് തന്റെ ഭർത്താവിന്റെ ജീവൻ തിരിച്ചുവാങ്ങിയ ഇതിഹാസ വനിത ആരാണ്?
7. ഭാരതീയ ഇതിഹാസങ്ങൾ ഏതൊക്കെയാണ്?
8. രാമായണത്തിന്റെ രചയിതാവ് ആരാണ്?
9. ശബരിമലയിൽ സ്വാമി അയ്യപ്പന്റെ ശ്രീകോവിലിനോട് ചേർന്നുതന്നെ പ്രതിഷ്ഠിച്ചിരിക്കുന്ന മറ്റ് പ്രതിഷ്ഠകൾ ഏതാണ്?
10. രാഷ്ട്രീയ സ്വയം സേവക്സംഘിന്റെ (RSS) സ്ഥാപകൻ ആരാണ്?

**ഉത്തരങ്ങൾ (ക്വിസ് 26)**

1. ശബരിമല ധർമ്മ ശാസ്താ ക്ഷേത്രം സ്ഥാപിച്ചത് മഹർഷി പരശുരാമൻ എന്നാണ് പുരാണ സങ്കല്പം
2. റാണാപ്രതാപിന്റെ വിശ്വസ്തനായ പടക്കുതിര – ചേതക്.
3. സപ്ത ചിരംജീവികൾ: അശ്വത്ഥാമാവ് , മഹാബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപർ, പരശുരാമൻ. ഇവർ എക്കാലവും ജീവിച്ചിരിക്കുന്നു യുഗാന്ത്യം വരെ എന്നാണ് പുരാണം. അശ്വത്ഥാമാവ് പകയായും, മഹാബലി ദാനശീലമായും, വ്യാസൻ ജ്ഞാനമായും, ഹനുമാൻ സേവനശീലമായും, വിഭീഷണൻ ഈശ്വര ഭക്തിയായും, കൃപർ അച്ചടക്കമായും, പരശുരാമൻ അഹങ്കാരമായും മനുഷ്യരിൽ കാണപ്പെടുന്നു.
4. സപ്ത പുണ്യനദികൾ: “ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി നർമ്മദാ സിന്ധു കാവേരി ജലേസ്മിൻ സന്നിധിം കുരു.” – ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി. ഇതിൽ സരസ്വതി ഇപ്പോൾ ഭൂമിക്ക് അടിയിലൂടെ (അദൃശ്യയായി) ഗമിക്കുന്നതായി സങ്കൽപം.
5. സപ്താശ്വൻ – ആദിത്യൻ / സൂര്യഭഗവാൻ. ആദിത്യന്റെ രഥത്തിൽ ഏഴ് കുതിരകളെ (അശ്വങ്ങൾ) പൂട്ടിയിട്ടുള്ളതായി പുരാണം.
6. അഷ്ടദിക്ക് പാലകന്മാർ: ഇന്ദ്രൻ, അഗ്നി, യമൻ, നിരൃതി, വരുണൻ, വായു, സോമൻ, ഈശാനൻ – ഇവരാണ് യഥാക്രമം കിഴക്ക് തുടങ്ങിയ എട്ടു ദിക്കിന്റെയും ദേവന്മാർ. ഇവർക്ക് പ്രത്യേകം ബലിപൂജാദികൾ ഉണ്ട്.
7. നവദ്വാരപുരം – ഒമ്പത് ദ്വാരങ്ങൾ ഉള്ള ശരീരം. ശരീരത്തിലെ കണ്ണ് (2) , മൂക്ക്(2), ചെവി (2), വായ, പായു (മലദ്വാരം), ഉവസ്ഥം (മൂത്രദ്വാരം).
8. ദശോപനിഷത്തുക്കൾ: ഈശാവാസ്യ ഉപനിഷത്ത്,

കെനോപനിഷത്ത്, കഠോപനിഷത്ത്, പ്രശ്നോപനിഷത്ത്, മാണ്ഡുക്യോപനിഷത്ത്, തൈത്തിരീയം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യക ഉപനിഷത്ത്.

9. ശബരിമല ക്ഷേത്രത്തിൽ ഇപ്പോൾ കാണുന്ന കൊടിമരം സ്ഥാപിച്ചത് 2017 ജൂൺ 25ന്. കൊടിമരത്തിന് മുകളിലുള്ള പ്രതിഷ്ഠ സ്വാമിയുടെ വാഹനമായ വാജി – കുതിര (വാജീ വാഹനം).

10. ഇന്ത്യയുടെ പുതിയ പാർലമെന്റ് മന്ദിരം ന്യൂഡൽഹിയിലാണ്, 'വീർ സവർക്കർ' എന്നറിയപ്പെടുന്ന ദേശീയവാദി, ഹിന്ദുത്വ സൈദ്ധാന്തികൻ വിനായക് ദാമോദർ സവർക്കറുടെ 140–ാം ജന്മവാർഷികത്തോടനുബന്ധിച്ച് മെയ് 28ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു

---------------------------------------------

മുഴവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ: ആരുമില്ല

—————————————————————

## ശ്രദ്ധാഞ്ജലി –
## ആർ.സുരേന്ദ്രൻ നായർ



ശബരിമല അയ്യപ്പ സേവാ സമാജം – പശ്ചിമ മഹാരാഷ്ട്ര അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ശ്രീ.ആർ സുരേന്ദ്രൻ നായർ (64 വയസ്സ്) 2023 ജൂൺ 15–ന് വിഷ്ണുപാദത്തിൽ വിലയം ചെയ്തു. തുടർ ചികിത്സയ്ക്കിടെ ഉണ്ടായ ഹൃദയാഘാതം മൂലമാണ് അന്ത്യം സംഭവിച്ചത്.

ചെറുപ്പം മുതലേ ആർഎസ്എസിന്റെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം വിവിധ ചുമതലകൾ ഏറ്റെടുത്തു. പത്തനംതിട്ട ജില്ലയിലെ പട്ടാഴിക്കാരനായ അദ്ദേഹം പിന്നീട് പൂനെയിലെത്തി ഒരു വ്യവസായിയായി മാറി. ധനോരി അയ്യപ്പ മന്ദിരത്തിന്റെ പ്രസിഡന്റ്, കെപിഎൻഎസ്എസ് ജനറൽ സെക്രട്ടറി, ഗണേഷ് നഗർ മലയാളി സമാജം സ്ഥാപക അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ശ്രീമതി. സുധ, മകൻ ശ്രീ. കണ്ണൻ.

സ്വർഗ്ഗീയ സുരേന്ദ്രൻ നായരുടെ ആത്മാവിന് മോക്ഷം പ്രാർത്ഥിച്ചുകൊണ്ട് ശബരിമല അയ്യപ്പ സേവാ സമാജം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

——————————————————

## വാർത്തകൾ

* ഇന്ന്, ജൂൺ 26, 2023 ഉത്രം – സ്വാമി അയ്യപ്പന്റെ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS–ന്റെ നിർദ്ദേശ പ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും അടുത്തുള്ള ക്ഷേത്രങ്ങളിലും ഉത്രം പൂജ നടത്തുന്നു.
* SASS – പശ്ചിമ മഹാരാഷ്ട്രയിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നുമുള്ള 50 ഓളം പ്രവർത്തകർ

വർഷം തോറും നടക്കുന്ന "സന്ത് ധ്യാനേശ്വർ മഹാരാജ് പാദുക പാൽഖി യാത്ര"യിൽ ജൂൺ 11 മുതൽ 3 ദിവസം പങ്കെടുത്തു. 2023 ജൂൺ 11 ന് പൂനെയ്ക്കടുത്തുള്ള അലന്തിയിൽ നിന്ന് ആരംഭിച്ച ഭക്തിനിർഭരമായ യാത്ര 29ന് (ആഷാഢ ഏകാദശി) പണ്ഡർപൂരിലെ വിഠോഭ ക്ഷേത്രത്തിൽ സമാപിച്ചു. ശ്രീ. നന്ദകുമാർ (പശ്ചിമ ക്ഷേത്ര ഓർഗനൈസിങ് സെക്രട്ടറി), ശ്രീ. രാജൻ ബാബു (പശ്ചിമ മഹാരാഷ്ട്ര സംസ്ഥാന പ്രസിഡന്റ്) എന്നിവർ നമ്മുടെ പ്രവർത്തകർക്ക് നേതൃത്വം നൽകി. അതൊരു നല്ല ദൈവീകമായ അനുഭവമായിരുന്നെന്നും പാൽഖി യാത്രയുമായുള്ള നമ്മുടെ സഹകരണം മഹാരാഷ്ട്ര യിൽ SASS-ന്റെ വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു.

* SASS ഉത്തര തമിഴ് നാട് – ഹരിവരാസനം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2023 ജൂൺ 11നു വെല്ലൂരിൽ വെച്ച് അയ്യപ്പസംഗമം, ഗുരുസ്വാമി വന്ദനം, സമൂഹ ഹരിവരാസന പരായണം, ഭജൻ എന്നിവയോടെ ഒരു വലിയ പൊതുപരിപാടി സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട സംസ്ഥാന മന്ത്രി ശ്രീ. ശേഖർ ബാബു (ഹിന്ദു മത ചാരിറ്റബിൾ എൻഡോവ്മെന്റ് – HR & CE) മുഖ്യാതിഥിയായിരുന്നു. ദേശീയ ചെയർമാൻ ശ്രീ. ടി.ബി.ശേഖറും മറ്റ് ചില മുതിർന്ന പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തിരുന്നു.
* SASS കൊങ്കൺ – ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ 2023 ജൂലൈ 08 ശനിയാഴ്ച വൈകുന്നേരം 4.30 മുതൽ മുംബൈയിലെ സിയോൺ ഈസ്റ്റിലെ 'ശ്രീ ഷൺമുഖാനന്ദ ഫൈൻ ആർട്സ് ആന്റ് സംഗീത സഭയിൽ' വെച്ച് നടത്തുന്നു. വിവിധ കലാകാരൻമാരുടെ ഭജന, ഭക്തിഗാനമേള, സമൂഹ ഹരിവരാസനം പാരായണം, അയ്യപ്പസംഗമം തുടങ്ങിയ വിവിധ പരിപാടികളോടെ മുംബൈ സിറ്റിയിലെ ഒരു മഹാസമ്മേളനമാണ് സംഘാടകർ ആസൂത്രണം ചെയ്യിരിക്കുന്നത്

**ശബരിമല ക്ഷേത്രം തുറക്കുന്ന / അടയ്ക്കുന്ന തീയതികൾ.**

അടുത്ത 27 ദിവസങ്ങളിൽ.

**കർക്കടകം മാസ** പൂജയ്ക്കായി ക്ഷേത്രം ജൂലൈ 16 ന് വൈകുന്നേരം 5:00 ന് തുറന്ന് ജൂലൈ 21 ന് രാത്രി 10:00 ന് അടയ്ക്കുന്നു

****************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം - 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്